8.	വർക്കി ജോസഫ്, മാനേജിംഗ് ട്രസ്റ്റി, കൊട്ടാരത്തിൽ ചർച്ച്.	500/-
9.	ജോസഫ് ലൂക്കാ, കണ്ണുകെട്ടുശ്ശേരി	20,500/-
10.	ജോയി, കണ്ടുകെട്ടുശ്ശേരി	42,500/-
11.	കൊച്ചുറാണി, കണ്ണുകെട്ടുശ്ശേരി	75000/-
12.	പി.എസ്. ജോസഫ്, ടി.വി.പുരം	3500/-

(എഫ്) പിൻവലിക്കാൻ സർക്കാരിനോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചിരുന്നു.

(ജി)&(എച്ച്) 16 കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്. മറ്റുള്ളവ പിൻവലിക്കുന്നകാര്യം പരിശോധിച്ചുവരുന്നു.

കണ്ണൂർ ജില്ലയിൽ അനധികൃതമായി സൂക്ഷിച്ചിരുന്ന ആയുധങ്ങൾ

46 (702)ശ്രീ. കെ.സി. ജോസഫ് :

ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ഡിസംബർ, ജനുവരി മാസങ്ങളിൽ കണ്ണൂർ ജില്ലയിൽനിന്ന് അനധികൃതമായി സൂക്ഷിച്ചിരുന്ന ആയുധങ്ങൾ പിടിച്ചെടുത്തത് സംബന്ധിച്ച് നൽകിയ റിപ്പോർട്ടിൽ എവിടെനിന്നെല്ലാം പിടിച്ചെടുത്ത ആയുധങ്ങളേയും ആയുധ നിർമ്മാണ സാമഗ്രികളേയും കുറിച്ച് വ്യക്തമായ തെളിവുകളുണ്ടെന്ന് അന്വേഷണത്തിന് നേതൃത്വം നൽകിയ പോലീസ് ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) പാട്യം സി.പി.ഐ. (എം) ഓഫീസിൽനിന്നും അന്വേഷണ സംഘം എന്തെല്ലാം സാധനങ്ങൾ പിടിച്ചെടുത്തു;

(സി) പുക്കോട്ടൂർ സി.പി.ഐ. (എം) ഓഫീസിൽനിന്നും കൂത്തുപ്പറമ്പിൽ ആർ.എസ്.എസ്. പ്രവർത്തകന്റെ വീട്ടിൽനിന്നും എന്തെല്ലാം ആയുധങ്ങൾ എത്രവീതം പിടിച്ചെടുക്കുകയുണ്ടായി;

(ഡി) കൂത്തുപ്പറമ്പ് പോലീസ് സ്റ്റേഷന്റെ പരിധിയിൽവരുന്ന ഒരു കൊല്ലപ്പണിക്കാരന്റെ ആലയിൽനിന്നും ഈ അന്വേഷണസംഘം എന്തെല്ലാം ആയുധങ്ങളാണ് പിടിച്ചെടുത്തത്;

(ഇ) ഈ ആയുധങ്ങൾ ആർക്കുവേണ്ടി നിർമ്മിച്ചതായിരുന്നുവെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)-(ഇ) വിശദവിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

സ്പിരിറ്റ് കച്ചവടക്കേസ്സുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ടവർ

47 (703)ശ്രീ. ജോർജ് ജെ. മാത്യു :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം സ്പിരിറ്റ് കച്ചവടക്കേസ്സുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ട എത്രപേർ പോലീസ് കസ്റ്റഡിയിൽവച്ച് മരണമടഞ്ഞു;

(ബി) ആരെല്ലാമാണ് ഇപ്രകാരം മരണപ്പെട്ടത്;

(സി) 2000 മേയ് 26-ന് റാന്നി പോലീസ് അറസ്റ്റുചെയ്ത റാന്നി മുണ്ടുപുഴ പുതുശ്ശേരിയിൽ ഉണ്ണികൃഷ്ണൻ മരിക്കുവാനുള്ള കാരണമെന്താണ്;

(ഡി) അദ്ദേഹത്തെ അറസ്റ്റു ചെയ്തപ്പോൾ സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അറസ്റ്റ് ചെയ്ത വിവരം ആരെയാണ് അറിയിച്ചത്;

(ഇ) അയാളും ഉണ്ണികൃഷ്ണനും തമ്മിലുള്ള ബന്ധം എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ആരും മരണമടഞ്ഞിട്ടില്ല.

(സി) ഹൃദയസംബന്ധമായ അസുഖം കാരണമാണ് മരണമടഞ്ഞത്.

(ഡി)&(ഇ) ഉണ്ട്. ഉണ്ണികൃഷ്ണനെ അറസ്റ്റു ചെയ്തവിവരം ഉണ്ണികൃഷ്ണന്റെ മൂത്ത സഹോദരനായ സോമനെ അറിയിച്ചിരുന്നു.

ട്രാഫിക് പോലീസ് കസ്റ്റഡിയിൽ എടുത്ത കെ.എസ്.ആർ.ടി.സി. ബസ്

48 (704)ശ്രീ. എ.കെ. മണി :

ശ്രീ. പി.ജെ. ജോയി :

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 03.06.2000 ന് കെ.എസ്.ആർ.ടി.സി. വക റ്റി.ആർ. 345 എന്ന സിറ്റി ഫാസ്റ്റ് ബസ് ട്രാഫിക് പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(ബി) ബസ് കസ്റ്റഡിയിൽ എടുക്കുമ്പോൾ മുഴുവൻ യാത്രക്കാരേയും പോലീസ് ട്രാഫിക് സ്റ്റേഷനിൽ എത്തിക്കുകയുണ്ടായോ; എങ്കിൽ ട്രാഫിക് സ്റ്റേഷനിൽ എത്തിച്ചവർക്ക് പകരം യാത്രാ സംവിധാനം ഏർപ്പെടുത്തുകയുണ്ടായോ;

(സി) ഇല്ലെങ്കിൽ പൊതുജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടിന് ഉത്തരവാദിയായ പോലീസുകാരന്റെമേൽ നടപടികൾ കൈക്കൊള്ളുമോ; ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ട്രാഫിക് നിയമം ലംഘിച്ച് വാഹനം ഓടിച്ചതുകൊണ്ടാണ് ടി ബസ് കസ്റ്റഡിയിൽ എടുക്കുകയും ബസിലെ ഡ്രൈവറുടെ പേരിൽ ക്രൈം നം. 1008/2000 യു/എസ് 279 ഐ.പി.സി. 183, 184, 119

LIBRARY ARCHIVES Kerala Legislative Assembly